ഉദയഗിരി– അരിവിളഞ്ഞ പൊയിൽ റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് സി.പി.ഐ

ഉദയഗിരി: മലയോര മേഖലയെ പുറംലോകവുമായി ബന്ധിപ്പിക്കുന്നതിനും ദിനംപ്രതി ബസുകൾ ഉൾപ്പെടെ നിരവധി വാഹനങ്ങൾ സർവ്വീസ് നടത്തുന്നതുമായ ഉദയഗിരി അരിവിളഞ്ഞ പൊയിൽ റോഡ് ടാറിംഗ് പൊട്ടിപ്പൊളിഞ്ഞ് പൂർണ്ണമായി തകർന്ന സാഹചര്യത്തിൽ കാലവർഷത്തിന് മുമ്പായി റോഡ് അടിയന്തിരമായി ഗതാഗതയോഗ്യമാക്കണമെന്ന് സി.പി.ഐ ഉദയഗിരി ലോക്കൽ കമ്മിറ്റിയോഗം ആവശ്യപ്പെട്ടു. സിദ്ധാർത്ഥൻ കിളിർക്കുന്നേൽ അധ്യക്ഷത വഹിച്ചു. ജോസ് കായപ്ലാക്കൽ, സെബാസ്റ്റ്യൻ അഴകത്ത്, ബേബി ആമക്കാട്ട് പ്രസംഗിച്ചു.

എം.എൻ. സ്മാരക മന്ദിരം പുനർനിർമ്മാണ കമ്മിറ്റി രൂപീകരിച്ചു

ആലക്കോട്: മണക്കടവിലെ സി.പി.ഐ ആസ്ഥാനമായ എം. എൻ. സ്മാരക മന്ദിരം പുനർനിർമ്മിക്കുന്നതിനായി നിർമ്മാണ കമ്മിറ്റി രൂപീകരിച്ചു. ഓഫീസ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് മണക്കടവിൽ ചേർന്ന സി.പി.ഐ കൺവെൻഷൻ ജില്ലാ സെക്രട്ടറി അഡ്വ. പി. സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്തു. ബാലകൃഷ്ണൻ മണ്ണൂർ അധ്യക്ഷത വഹിച്ചു. വി.ജി. സോമൻ, പി.കെ. മധുസൂദനൻ, ടി.കെ. വൽസൻ പ്രസംഗിച്ചു. ജെ.പി. ജോസഫ് സ്വാഗതം പറഞ്ഞു. ചെയർമാനായി കെ.ആർ. രതീഷിനെയും കൺവീനറായി ജെ.പി. ജോസഫിനെയും തിരഞ്ഞെടുത്തു.

ഉദയഗിരി പാട്ടപ്പാറ മഖാം ഉറൂസിന് നാളെ തുടക്കം

ആലക്കോട്: മലയോര മേഖലയിലെ പ്രസിദ്ധമായ ഉദയഗിരി പാട്ടപ്പാറ മഖാം ഉറൂസ് 13, 14, 15 തീയതികളിലായി നടക്കുമെന്ന് ഉറൂസ് കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു. 13ന് ജുമുഅ നിസ്കാരാനന്തരം മഖാം സിയാറത്ത്. ഖത്തീബ് മുഹമ്മദ് അഷ്റഫ് സഖാഫി നേതൃത്വം നൽകും. തുടർന്ന് ജമാഅത്ത് പ്രസിഡണ്ട് പി.പി. അൻസാരി പൂഴിക്കാലയിൽ പതാകയുയർത്തും. രാത്രി 7.30ന് ഖത്തംദുആ, മത പ്രഭാഷണം. ഷിഹാബുദ്ദീൻ അൽബുഖാരി, അസ്ഖാഫി എടയൂർ നേതൃത്വം നൽകും. തുടർന്ന് ഉറൂസ് സമ്മേളനം സുബൈർ മൗലവി ഉദ്ഘാടനം ചെയ്യും. അബൂമുഹീദ സഖാഫി അധ്യക്ഷത വഹിക്കും. മുഹമ്മദ് ഷഫീഖ് സഅദി പിലാക്കൽ, മുഹമ്മദ് ജഅഫർ, അഹ്സനി കമിൽ സഖാഫി, സി. എം. ഇബ്രാഹിം മൗലവി, ഇ.എം. നാസർ പ്രസംഗിക്കും. ടി.എസ്. ഷരീഫ് സ്വാഗതവും എം.എ. ഷരീഫ് നന്ദിയും പറയും. 14ന് രാത്രി എട്ട് മണിക്ക് ഖവാലി, അബ്ദുറഹ്മാൻ മദനി പടന്ന മതപ്രഭാഷണം നടത്തും. സമാപന ദിവസമായ 15ന് ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് മൗലീദ് പാരായണം. തുടർന്ന് ദഫ് പ്രദർശനം, അന്നദാനം, രാത്രി എട്ട് മണിക്ക് ദിക്ർ ഹൽഖ, കൂട്ടപ്രാർത്ഥന, സഅദുദ്ദീൻ തങ്ങൾ വളപട്ടണം നേതൃത്വം നൽകും.

കെ.വി.വി.ഇ.എസ്. കരുവഞ്ചാൽ യൂണിറ്റ് വ്യാപാര ക്ഷേമട്രസ്റ്റ് ഓഫീസ് ജില്ലാ പ്രസിഡണ്ട് ദേവസ്യ മേച്ചേരി ഉദ്ഘാടനം ചെയ്യുന്നു.

വ്യാപാര ക്ഷേമ ട്രസ്റ്റ്; ഓഫീസ് ഉദ്ഘാടനം ചെയ്തു

കരുവഞ്ചാൽ: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കരുവഞ്ചാൽ യൂണിറ്റ് ആഭിമുഖ്യത്തിൽ വ്യാപാരികൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമത്തിനായി രൂപീകരിച്ച കരുവഞ്ചാൽ വ്യാപാര ക്ഷേമ ട്രസ്റ്റിന്റെ ഓഫീസ് വ്യാപാര ഭവൻ കെട്ടിടത്തിൽ കെ.വി. വി.ഇ.എസ് ജില്ലാ പ്രസിഡണ്ട് ദേവസ്യ മേച്ചേരി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ജയിംസ് പുത്തൻപുര അധ്യക്ഷത വഹിച്ചു. പി.എസ്. അബ്ദുൾ മജീദ്, റോയി ജോസ് പുളിക്കൽ, ടോമി കാരിക്കാട്ടിൽ, അബ്ദുൾ റഷീദ്, സി.കെ. അബ്ദു, ജോർജ് പുല്ലാട്ട്, തോമസ് പുത്തൻപുര പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ടോമി ജോസഫ് സ്വാഗതവും വി.എ. ആന്റണി നന്ദിയും പറഞ്ഞു. ജയിംസ് പുത്തൻപുര (പ്രസിഡണ്ട്), പി.എസ്. അബ്ദുൾ മജീദ് (ജനറൽ സെക്രട്ടറി), വി.എ. ആന്റണി (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലാണ് ട്രസ്റ്റിന്റെ പ്രവർത്തനം.

കുപ്പിവെള്ളത്തിന് വില കുറച്ചില്ല; വാക്കേറ്റം തകൃതി

ശ്രീകണ്ഠപുരം: കുപ്പിവെള്ളത്തിന് വില കുറച്ച് സർക്കാർ നിർദ്ദേശമിറക്കിയിട്ടും കുറഞ്ഞ വിലയീടാക്കാത്തത് വാക്കേറ്റങ്ങൾക്കിടയാക്കുന്നു. 20 രൂപ പരമാവധി വിലയുള്ള കുപ്പിവെള്ളത്തിന് ഇത്രയും കാലം 20 രൂപ തന്നെയാണ് കടകളിൽ ഈടാക്കിയിരുന്നത്.ഈ വില കുറച്ച് പരമാവധി 12 രൂപ മാത്രമേ കുപ്പിവെള്ളത്തിന് ഈടാക്കാവൂ എന്ന് സർക്കാർ നിർദ്ദേശമിറക്കിയത് കഴിഞ്ഞ മാസമാണ്. പിന്നാലെ കുപ്പിവെള്ള നിർമ്മാണ കമ്പനി ഉടമകൾ യോഗം ചേർന്ന് ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 12 രൂപയിൽക്കൂടുതൽ ഉപഭോക്താക്കൾ നൽകരുതെന്ന് വ്യക്തമാക്കി. ഈ മാസം ആദ്യം മുതൽ 12 രൂപ മാത്രമേ ഒരു ലിറ്റർ കുപ്പിവെള്ളത്തിന് ഈടാക്കൂവെന്നാണ് പറഞ്ഞിരുന്നതെങ്കിലും ഇതുവരെ വില കുറച്ചില്ലെന്നാണ് ഉപഭോക്താക്കൾ പറയുന്നത്.20 രൂപ തന്നെ ഈടാക്കുന്നതിനെതിരെ ചോദ്യം ചെയ്യുകയും വാക്കേറ്റം നടത്തുന്നതും പതിവാണ്. വിലകുറച്ച ശേഷമുള്ള കുപ്പിവെള്ളം എത്തിയില്ലെന്നും അതുവരെ 20 രൂപ തന്നെ ഈടാക്കുമെന്നുമാണ് വില്പനക്കാർ പറയുന്നത്. എന്തായാലും സർക്കാരും ഉടമകളും നിർദ്ദേശിച്ചിട്ടും ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 12 രൂപക്ക് പകരം 20 രൂപ തന്നെ വാങ്ങുന്നത് വൻ പ്രതിഷേധത്തിനിടയാക്കുന്നുണ്ട്.

നവീകരിച്ച ഒലാല ലേഡീസ്, ജെന്റ്സ് ആന്റ് കിഡ്സ് ഇന്നർവെയർ ആലക്കോട് കെ.എം. ഹരിദാസ് ഉദ്ഘാടനം ചെയ്യുന്നു.

നവീകരിച്ച ഒലാല ഷോറൂം ഉദ്ഘാടനം ചെയ്തു

ആലക്കോട്: ആലക്കോട് എൻ.എസ്.എസ്. സ്കൂളിന് എതിർവശം പ്രവർത്തിച്ച ഒലാല ലേഡീസ് ആന്റ് കിഡ്സ്, ജെന്റ്സിന്റെ ഇന്നർവെയർ വസ്ത്രങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചു. കെ. എം. ഹരിദാസ് ഉദ്ഘാടനം ചെയ്തു. എൻ.എം. മൊയ്തീൻ ആദ്യ വിൽപ്പന നിർവഹിച്ചു. ബെന്നി കൊച്ചുകരൂർ ഏറ്റുവാങ്ങി.

കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂനിയൻ (സി.ഐ.ടി.യു) ആന്തൂർ ഡിവിഷൻ കമ്മിറ്റി സ്വരൂപിച്ച ഫണ്ട് പ്രമോദിന്റെ കുടുംബത്തിന് ഏരിയാ സെക്രട്ടറി കെ. കരുണാകരൻ കൈമാറുന്നു

സഹായധനം കൈമാറി

കോൾമൊട്ട: റോഡപകടത്തിൽ മരണപ്പെട്ട കോൾമൊട്ടയിലെ പ്രമോദിന്റെ കുടുംബത്തെ സഹായിക്കുന്നതിന് കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂനിയൻ (സി.ഐ.ടി.യു) ആന്തൂർ ഡിവിഷൻ കമ്മിറ്റി സ്വരൂപിച്ച ഫണ്ട് കുടുംബത്തിന് കൈമാറി. കോൾമൊട്ട ഇ.എം. എസ്. മന്ദിരത്തിൽ വച്ച് കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂനിയൻ ഏരിയാ സെക്രട്ടറി കെ. കരുണാകരൻ കുടുംബത്തെ ഏൽപ്പിച്ചു. യൂനിയൻ ജോയിന്റ് സെക്രട്ടറി കെ. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. കെ. പ്രേമരാജൻ, പി.എൻ. രാജപ്പൻ മാസ്റ്റർ, പി. പി. ഉഷ, ടി. ചന്ദ്രൻ സംസാരിച്ചു. കെ.വി. നാരായണൻ സ്വാഗതവും ഇ. രാജീവൻ നന്ദിയും പറഞ്ഞു.

വിഷുക്കണി: കവിതാരചനാ മൽസരം

കണ്ണൂർ: വിഷു ആഘോഷത്തിന്റെ ഭാഗമായി നർമ്മവേദി 'വിഷുക്കണി' എന്ന വിഷയത്തിൽ കവിതാരചനാ മൽസരം നടത്തും. കുട്ടികൾക്കും മുതിർന്നവർക്കും പങ്കെടുക്കാം. 20 വരിയിൽ കൂടരുത്. മികച്ച രചനകൾക്ക് പുരസ്ക്കാരവും നർമ്മവേദിയിൽ അവതരിപ്പിക്കാൻ അവസരവും നൽകും. രചനകൾ ആർ. പ്രഭാകരൻ, പ്രസിഡണ്ട് നർമ്മവേദി, 'ദർശന', കൃഷ്ണമേനോൻ നഗർ, കണ്ണൂർ -4 എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 9446457170.

ഡൽഹിയിൽ നടന്ന ദേശീയ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് ഉറുമി വീശൽ വിഭാഗത്തിൽ വെള്ളി മെഡൽ നേടിയ അമൃത രാമചന്ദ്രൻ (കെ. പി. സി. ജി. എം. കളരി, കരുവഞ്ചാൽ).

നടുവിൽ പഞ്ചായത്ത് ഭരണസമിതിയിൽ തമ്മിലടി രൂക്ഷം

ആലക്കോട്: യു.ഡി.എഫ് ഭരിക്കുന്ന നടുവിൽ പഞ്ചായത്ത് ഭരണ സമിതിയിൽ കോൺഗ്രസിനുള്ളിലെ തമ്മിലടി രൂക്ഷമായി. കോൺഗ്രസ് ഗ്രൂപ്പുകൾ തമ്മിലും ചില പഞ്ചായത്ത് അംഗങ്ങൾ തമ്മിലുമുള്ള ചേരിപ്പോരുകളും പടല പിണക്കങ്ങളുമാണ് ശക്തമായത്. തമ്മിലടിയുടെ ഭാഗമായി നടുവിൽ പഞ്ചായത്ത് ആരോഗ്യ- വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ ഷൈനി വട്ടയ്ക്കാട്ട് കഴിഞ്ഞ ദിവസം സ്ഥാനം രാജിവെച്ചിരുന്നു. കരുവഞ്ചാൽ ടൗൺ വാർഡ് മെമ്പർ കൂടിയായ ഷൈനി നേരത്തെയും പലതവണ രാജി ഭീഷണി ഉയർത്തിയിരുന്നു. ഇത്തവണ പഞ്ചായത്ത് സെക്രട്ടറിക്ക് തപാലിലാണ് രാജിക്കത്ത് അയച്ചത്. സെക്രട്ടറി രാജി സ്വീകരിച്ചു. ഷൈനിയുടെ രാജിയെ ചൊല്ലി നിരവധി വിവാദമാണ് പഞ്ചായത്ത് ഭരണ സമിതിയിലും കോൺഗ്രസിലും ഉടലെടുത്തിരിക്കുന്നത്. പല വിധത്തിലുള്ള ആരോപണ പ്രത്യാരോപണങ്ങളും ഉയരുന്നുണ്ട്. തന്നെ പ്രവർത്തിക്കാൻ അനുവദിക്കാത്ത ചില കേന്ദ്രങ്ങളുടെ നടപടിയിൽ പ്രതിഷേധിച്ചാണത്രെ ഷൈനിയുടെ രാജി. പഞ്ചായത്തിലെ പല കാര്യങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയ തന്നോട് ആലോചിക്കാതെ ചിലർ ഏകപക്ഷീയമായി നടപ്പിലാക്കുകയാണെന്നും ഇവർ ആരോപിക്കുന്നു. കോൺഗ്രസിലെ ബിന്ദു ബാലനാണ് പഞ്ചായത്ത് പ്രസിഡണ്ട്. നടുവിൽ പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട് അടിക്കടി ഉടലെടുക്കുന്ന വിവാദങ്ങൾ യു.ഡി.എഫിനും കോൺഗ്രസിനും ഏറെ തലവേദനയുയർത്തിയിരിക്കുകയാണ്. പാർട്ടിയെ പൊതുജനമധ്യത്തിൽ അപകീർത്തിപ്പെടുത്തുന്ന വിധത്തിലാണ് ചില ജനപ്രതിനിധികളുടെ പ്രവർത്തനങ്ങളെന്ന് കോൺഗ്രസിൽ പരക്കെ വിമർശനമുയർന്നിരിക്കുകയാണ്.

കരിമ്പം ഗവ. എൽ.പി സ്കൂൾ 44-ാം വാർഷികാഘോഷം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്യുന്നു

ആന്തൂർ നഗരസഭ സി.ഡി.എസ് ധർമ്മശാലയിൽ ആരംഭിച്ച വിഷുച്ചന്ത ചെയർപേഴ്സൺ പി.കെ.ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു

മൽസ്യ കൃഷി വിളവെടുപ്പ് നടത്തി

ധർമ്മശാല: ധർമ്മശാല നായനാർ റോഡരികിലെ വീടുവളപ്പിൽ നടത്തിയ മൽസ്യ കൃഷിയുടെ വിളവെടുപ്പ് ആന്തൂർ നഗരസഭാ അധ്യക്ഷ പി.കെ. ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ കെ. ഷാജു, സ്ഥിരം സമിതി അധ്യക്ഷൻ വി. പുരുഷോത്തമൻ, ആസൂത്രണ സമിതി വൈസ് ചെയർമാൻ കെ. ദാമോദരൻ മാസ്റ്റർ, കൗൺസിലർമാരായ എൻ.വി. സരോജിനി, എം. കണ്ണൻ, വെറ്റിനറി സർജൻ പ്രിയ, കോ-ഓർഡിനേറ്റർ ഗിരീശൻ, സന്ധ്യ, രഘുനാഥ്, ഉഷ, ആഷ സംബന്ധിച്ചു.

ധർമ്മശാലയിലെ മൽസ്യ കൃഷിയുടെ വിളവെടുപ്പ് ആന്തൂർ നഗരസഭാധ്യക്ഷ പി.കെ. ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു.

വിഷുച്ചന്ത ആരംഭിച്ചു

ആന്തൂർ: ആന്തൂർ നഗരസഭയുടെയും സി.ഡി.എസ് കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ധർമ്മശാലയിൽ വിഷുച്ചന്ത ആരംഭിച്ചു. ചെയർപേഴ്സൺ പി.കെ.ശ്യാമള ടീച്ചർ സ്റ്റാളുകൾ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.രവീന്ദ്രൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.പി.ഉഷ സംസാരിച്ചു. 15 വരെ വിഷുച്ചന്ത നീണ്ടുനിൽക്കും.

വ്യാപാരി വ്യവസായി സമിതി തളിപ്പറമ്പ് ഏരിയാ പ്രസിഡണ്ട് കെ.എം.ലതീഫ് (മുകളിൽ) സെക്രട്ടറി വി.വിജയൻ (താഴെ).

മേടമാസ പൂജ

ശ്രീകണ്ഠപുരം: കാവുമ്പായി മഹാവിഷ്ണു ക്ഷേത്രത്തിൽ 15 ന് മേടമാസ പൂജയും വിഷുക്കണി ദർശനവുമുണ്ടാകും. രാവിലെ കളഭച്ചാർത്ത്, വൈകീട്ട് ദീപാരാധന, ചുറ്റുവിളക്ക് എന്നിവയും നടക്കും.

വിഷു സംക്രമ വെള്ളാട്ടം

ശ്രീകണ്ഠപുരം: കാവുമ്പായി കനകത്തിടം ഊർപ്പഴശ്ശി വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ വിഷു സംക്രമത്തോടനുബന്ധിച്ച് ഇന്ന് മുതൽ 14 വരെ രാവിലെ 11ന് ഊർപ്പഴശ്ശി വെള്ളാട്ടമുണ്ടാകും.

ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്

തളിപറമ്പ് മന്നയിലെ ഒരു ഷോപ്പിലേക്ക് ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്. ബന്ധപ്പെടുക.

Mob: 7012187306

ആവശ്യമുണ്ട്

പുളിമ്പറമ്പ നൂർ ജുമാമസ്ജിദ് കമ്മിറ്റിയുടെ കീഴിലുള്ള നൂർ പ്രീ പ്രൈമറി ഇംഗ്ലീഷ് സ്കൂളിലേക്ക് പരിചയസമ്പന്നരായ അധ്യാപികമാരെയും ആയയെയും ആവശ്യമുണ്ട്. താൽപര്യമുള്ളവർ ഏപ്രിൽ 20ന് മുമ്പായി നേരിട്ടോ താഴെ കൊടുത്ത മെയിൽ അഡ്രസിലോ ബയോഡാറ്റ സമർപ്പിക്കേണ്ടതാണ്.

NOOR PRE PRIMARY ENGLISH SCHOOL

Pulimparamba, Taliparamab (P.O)
Kannur Dt. Pin - 670 141
Run by- Noor juma masjid Committee

ADMISSION OPEN FOR LKG

Contact:
9747372231, 9747597517, 8281437615
email:noorenglishschool@gmail.com

DARUL HUDA
ISLAMIC NURSERY & ENGLISH MEDIUM SCHOOL
C.POYIL, PARIYARAM
ADMISSION STARTED
LKG To V Classes
For Admission
Contact: 9544859868, 8281656454

ടീച്ചർമാരെ ആവശ്യമുണ്ട്

കോരൻപീടിക ദാറുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് ഇംഗ്ലീഷ്, മാത്സ് ടീച്ചർമാരെയും കമ്പ്യൂട്ടർ ടീച്ചർ കം ക്ലാർക്കിനെയും ആവശ്യമുണ്ട്. ബന്ധപ്പെടുക

9446162212

ജോലി ഒഴിവ്

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീ ആനന്ദേശ്വരം മഹാവിഷ്ണു ക്ഷേത്രത്തിൽ ഒഴിവുള്ള കഴകം തസ്തികയിലേക്ക് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷാ ഫോറത്തിനും മറ്റ് വിശദാംശങ്ങൾക്കും ക്ഷേത്രം പ്രവർത്തി സമയങ്ങളിൽ ക്ഷേത്രം ഓഫീസുമായി ബന്ധപ്പെടുക. പൂരിപ്പിച്ച അപേക്ഷകൾ ലഭിച്ചിരിക്കേണ്ട അവസാന തീയതി: **20–04–2018ന് വൈകുന്നേരം അഞ്ച് മണി.**

വിശ്വസ്ഥതയോടെ,
എക്സിക്യുട്ടീവ് ഓഫീസർ

ആവശ്യമുണ്ട്

- ലേഡി അക്കൗണ്ടന്റ്
- സെയിൽസ്ഗേൾ
- ജ്യൂസ്മേക്കർ (Male)

Contact:
9061491999
9947114901
9495478225

ആവശ്യമുണ്ട്

പരിയാരം കോരൻപീടികയിൽ പുതുതായി തുടങ്ങുന്ന കമ്പ്യൂട്ടർ സെന്ററിലേക്ക് ലേഡി കമ്പ്യൂട്ടർ ഇൻസ്ട്രക്ടറെ ആവശ്യമുണ്ട്. ബയോഡാറ്റ സഹിതം 16–04–18ന് 5 മണിക്ക് മുമ്പായി ഓഫീസുമായി ബന്ധപ്പെടുക.

9495327339
8943432313

ചരിത്ര പ്രസിദ്ധമായ പാട്ടപ്പാറ–ഉദയഗിരി
മഖാം ഉറൂസ്
2018 ഏപ്രിൽ 13, 14, 15 (വെള്ളി, ശനി, ഞായർ) തീയതികളിൽ

മാന്യരേ,
നിരവധി കറാമത്തുകളാൽ ചരിത്ര പ്രസിദ്ധമായ പാട്ടപ്പാറ മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹാനായ വലിയുല്ലാഹിയുടെ പേരിൽ വർഷം തോറും കഴിച്ച് വരുന്ന ആണ്ടുനേർച്ച ഈ വർഷവും 2018 ഏപ്രിൽ 13, 14, 15, (റജബ് 27,28, 29 വെള്ളി, ശനി, ഞായർ) തീയതികളിൽ വിപുലമായ പരിപാടികളോടെ നടക്കുകയാണ്. ഉറൂസിൽ പങ്കെടുത്ത് പുണ്യം നേടുന്നതിന് ഏവരെയും ക്ഷണിക്കുന്നു.
എന്ന്, ഉറൂസ് കമ്മിറ്റി, Ph: 9400486978

കൻസുൽ ഉലമ ചിത്താരി ഹംസ മുസ്ലിയാർ | പി.കെ.അബൂബക്കർ മുസ്ലിയാർ, നരിക്കോട് | കെ.പി.അബൂബക്കർ മുസ്ലിയാർ, പട്ടുവം | സഅദുദ്ദീൻ തങ്ങൾ വളപട്ടണം | മുഹമ്മദ് അഷ്റഫ് സഖാഫി (ഖത്തീബ് നൂറുൽ ഹുദാ ജുമാമസ്ജിദ്, പാട്ടപ്പാറ)

2018 ഏപ്രിൽ 13 ന് വെള്ളിയാഴ്ച	ജുമുഅ നിസ്കാരാനന്തരം **മഖാം സിയാറത്ത്** തുടർന്ന് **പതാക ഉയർത്തൽ** രാത്രി 7.30ന് **ഖത്തംദുആ, മതപ്രഭാഷണം** തുടർന്ന് **ഉറൂസ് സമ്മേളനം**
2018 ഏപ്രിൽ 14 ന് ശനിയാഴ്ച	രാത്രി 8 മണിക്ക് **ഖവാലി, മതപ്രഭാഷണം**
2018 ഏപ്രിൽ 15 ന് ഞായറാഴ്ച	ഉച്ചകഴിഞ്ഞ് 3 മണിക്ക് **മൗലീദ് പാരായണം** തുടർന്ന് **ദഫ് പ്രദർശനം, അന്നദാനം** രാത്രി 8 മണിക്ക് **ദിക്ർ ഹൽഖ കൂട്ടപ്രാർത്ഥന**

ആശംസകൾ...

BIS 916 Hallmarked Gold
സ്വർണ്ണ പരിശുദ്ധി അറിയാൻ കാരറ്റ് അനലൈസർ

നവരത്ന ജ്വല്ലേഴ്സ്
ആലക്കോട് ph: 0460-2255916, തലശ്ശേരി 0490-2494650